# എഡിറ്റോറിയൽ

സമയരഥത്തിൽ കാലം അതിന്റെ അനുസ്യൂത പ്രയാണം തുടരുമ്പോൾ സംഭവബഹുലമായ ഒരുവർഷം കൂടി കടന്നുപോവുകയും മറ്റൊന്ന് രംഗപ്രവേശം നടത്തുകയും ചെയ്തിരിക്കുന്നു. ലോകമനഃസാക്ഷിയെ ഞെട്ടിച്ച അതിദാരുണമായ പ്രകൃതിക്ഷോഭത്തോടെ കടന്നുവന്ന പുതുവത്സരം ദൈവത്തിന്റെ സന്ദേശ ദൂതനാണോ? അനന്തമജ്ഞാതമവർണ്ണനീയമായ ഈ ലോകത്തിന്റെ തേരോട്ടത്തിൽ എന്തൊക്കെയുണ്ടെങ്കിലും എത്രയൊക്കെയുണ്ടെങ്കിലും ദൈവഹിതത്തിന് മുമ്പിൽ മനുഷ്യർ എത്ര നിസ്സഹായരാണെന്ന് ഒരു നിമിഷംകൊണ്ട് നൽകിയ സൂചനയെ നമ്രശിരസ്ക്കരായി നമുക്ക് സ്വീകരിക്കാം. ലോകനിയന്ത്രാവിനോട് ചേർന്നുനിന്നുകൊണ്ട് ഈ ദുരിതത്തിൽ ജീവിതം നഷ്ടപ്പെട്ട, ജീവിതം ഉണ്ടെങ്കിലും മറ്റെല്ലാം നഷ്ടപ്പെട്ട ലക്ഷോപലക്ഷം ജനങ്ങൾക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. ജീവിച്ചിരിക്കുന്നവരുടെ ദുഃഖത്തിൽ ക്രൈസ്തവ ദർശനങ്ങളോടെ നമുക്ക് പങ്കുചേരാം.

ജനതകളുടെ ചരിത്രത്തിൽ പ്രബുദ്ധതകൊണ്ടും ജീവനസംസ്ഥിതികൊണ്ടും വ്യത്യസ്ത പൈതൃകം പേറുന്ന അതിവിശിഷ്ട സമൂഹങ്ങളിലൊന്നായ ക്നാനായ സമുദായത്തിന്റെ ഒരു പ്രധാന സംഘടനയാണല്ലോ ചിക്കാഗോയിലെ കെ.സി.എസ്. കാനോനിക നിയമത്തിന്റെ "കർമ്മസംഹിത"യുടെ യഥാർത്ഥ നിർവ്വചനത്തിൽപ്പെടുന്ന നാം പൈതൃകമുള്ള, ആരാധനാക്രമമുള്ള, ആദ്ധ്യാത്മികതയുള്ള, ആത്മീയബോധമുള്ള, ശിക്ഷണമുള്ള, സംസ്കാരമുള്ള നമ്മൾ വെല്ലുവിളികളെ പുഞ്ചിരിയോടും നിലനിൽപ്പിന്റെ ഭീഷണികളെ സ്നേഹത്തോടെയും ചെറുത്ത് തോൽപ്പിക്കാം. കടലുകളും ഭൂഖണ്ഡങ്ങളും താണ്ടിയുള്ള നമ്മുടെ സുവിശേഷീകരണ ദൗത്യപ്രയാണത്തിൽ ക്രൈസ്തവ ദർശനങ്ങളും ക്നാനായ ആചാരങ്ങളും അതിന്റെ മൗലികതയിൽ, പ്രാമീണികതയിൽ, പൗരാണികതയിൽ അഭംഗുരം കാത്ത് സൂക്ഷിക്കാം. അനന്യമായ ഈ പ്രബുദ്ധ ക്നാനായ പ്രതിഭാസത്തിന് പുതിയ സഹസ്രാബ്ദത്തിലും അഭിമാനത്തിന്റെ വിജയഗാഥകൾ രചിച്ചുകൊണ്ട് മുന്നേറുവാൻ നമുക്ക് ഒരുമിച്ച് വഴിയൊരുക്കാം.

ആടുകളെ പേരുചൊല്ലി വിളിക്കുന്ന, അവരുടെ മനസ്സറിയുന്ന, അവരുടെ മുമ്പേ നടക്കുന്ന ഒരിടയനേയും അവന്റെ സ്വരം തിരിച്ചറിയുന്ന ആടുകളേയും, അവർക്ക് വിശ്രമിക്കുവാൻ ഒരു കുഞ്ഞു തൊഴുത്തും നമുക്ക് സ്വപ്നം കാണാം. ഈ സ്വപ്നത്തെ മുൻനിർത്തി പൂർവ്വമഹിമകളെ മാർഗ്ഗദർശനമാക്കി കലർപ്പില്ലാത്ത ആചാര പവിത്രതയെ പരിരക്ഷിച്ചുകൊണ്ട് ആത്മാഭിമാനവും സ്വതസിദ്ധമായ സ്വാശ്രയ ശക്തിയും വർദ്ധിപ്പിച്ചുകൊണ്ട് സമുദായ പുരോഗതിയെ 'ഒത്തൊരുമിച്ചുകൊണ്ട്' ത്വരിതപ്പെടുത്താം.

മുൻവിധികളുടെ ബാദ്ധ്യതകളില്ലാതെ, ആശയങ്ങളുടെ ശൈലീഭേദങ്ങൾക്കും പ്രവർത്തനങ്ങളുടെ രീതിഭേദങ്ങൾക്കുമപ്പുറം നാമെല്ലാം ഒരു വംശസഹോദരങ്ങളാണെന്നും ഭിന്നതയല്ല യോജിപ്പാണ് നമ്മുടെ ശക്തി എന്ന് തിരിച്ചറിഞ്ഞ് പൂർവ്വപിതാക്കൻമാർ പാടിപഠിപ്പിച്ച ഈരടികൾ ഏറ്റുപാടി "ബന്ധങ്ങൾ വേർപെടാത്ത" ഒരു സമൂഹമായി ഏക ലക്ഷ്യത്തിൽ സന്മനസും സൗഹൃദവുമായി നമുക്ക് വളരാം.

പ്രസാധക സമിതിക്കുവേണ്ടി

ടോമി അംബേനാട്ട്

# പരസ്പരം സ്നേഹിച്ചും ക്ഷമിച്ചും ബഹുമാനിച്ചും നമുക്ക് മുന്നോട്ടുനീങ്ങാം

പ്രിയ സഹോദരീ സഹോദരന്മാരെ,



പുതുവത്സരത്തിന്റെ മംഗളങ്ങൾ എല്ലാവർക്കും നേരുന്നു. നിങ്ങളുടെ പ്രസിഡണ്ടായി എന്നെ തെരഞ്ഞെടുത്തതിൽ ഞാൻ അഭിമാനം കൊള്ളുന്നു. നമ്മുടെ ഭരണഘടന അനുസരിച്ചുള്ള വാശിയേറിയ പ്രചാരണവും തെരഞ്ഞെടുപ്പും കഴിഞ്ഞു. ഇവയെല്ലാം ഇനി ചരിത്രസംഭവങ്ങൾ മാത്രമാണ്. ഇനി നമുക്ക് വേണ്ടത് ഒത്തൊരുമിച്ചുള്ള പ്രവർത്തനമാണ്. നിങ്ങളുടെ പ്രതീക്ഷകൾക്കനുസരിച്ച് ഉയരുവാനും പ്രവർത്തിക്കുവാനും ഞാൻ അങ്ങേയറ്റം പരിശ്രമിക്കും. ഞങ്ങളുടെ പ്രവർത്തനങ്ങളിൽ എല്ലാവരുടേയും സഹകരണം ആവശ്യമാണ്. നിങ്ങളെ സേവിക്കുന്നവരായി പ്രവർത്തിക്കുവാൻ ഞങ്ങൾ പരിശ്രമിക്കും. ഞങ്ങൾക്ക് വോട്ടു ചെയ്തവരുടേയും ചെയ്യാത്തവരുടേയും ഭരണകർത്താക്കളായി ഞങ്ങൾ പ്രവർത്തിക്കും.

ഇനി ആരെയും പഴിചാരാനോ, കുറ്റം പറയാനോ, വിരൽ ചൂണ്ടുവാനോ അല്ല ജനങ്ങൾ ആഗ്രഹിക്കുന്നത്. ജനങ്ങൾക്കുവേണ്ടത് ഒറ്റക്കെട്ടായുള്ള പ്രവർത്തനമാണ്. സമുദായത്തിന്റെ പൊതുനന്മയ്ക്കായി ആര് മുന്നോട്ടു വന്നാലും അവരെ സ്വാഗതം ചെയ്യും. നമ്മുടെ പ്രവർത്തന രീതിയിൽ ഒട്ടേറെ മാറ്റങ്ങൾ വരേണ്ടിയിരിക്കുന്നു. വ്യക്തിയേക്കാൾ ഉപരി അവരുടെ ആശയങ്ങൾക്കായിരിക്കും ഞങ്ങൾ മുൻതൂക്കം കൊടുക്കുക. നിങ്ങൾ ഞങ്ങളെപ്പറ്റി എന്തു കേട്ടാലും ഉത്തരവാദിത്വപ്പെട്ടവരോട് നേരിട്ട് ചോദിക്കുക. അങ്ങനെ പ്രവർത്തിച്ചാൽ ആശയകുഴപ്പങ്ങൾ ഒഴിവാക്കാം. നമ്മൾ ആരും പരിപൂർണ്ണരല്ല. ഞങ്ങളുടെ കുറവുകളും കുറ്റങ്ങളും ചൂണ്ടിക്കാണിക്കുക. എങ്കിൽ മാത്രമേ ജനകീയ ഭരണം കാഴ്ചവെയ്ക്കുവാൻ പറ്റുകയുള്ളൂ.

കെ.സി.എസിന്റെ മുഖ്യധാരയിലേക്ക് എല്ലാവരും കടന്നുവരുക. ഇത് നമ്മുടെ പ്രസ്ഥാനമാണ്. അങ്ങനെ കെ.സി.എസിന്റെ പ്രവർത്തനങ്ങളിൽ നിങ്ങളാൽ കഴിയാവുന്ന സേവനങ്ങൾ ചെയ്യുക. ആരെയും ഞങ്ങൾ മാറ്റി നിർത്തുകയില്ല. നമ്മൾ ഒന്നിച്ചുനിന്നാൽ, ഒന്നിച്ചു പ്രവർത്തിച്ചാൽ നമ്മുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാം. നമ്മുടെ പ്രശ്നപരിഹാരത്തിന് ആദ്യം വേണ്ടത് നമ്മുടെ ഐക്യമാണ്. നമ്മുടെ ഇടയിലെ നിസ്സാര കാര്യങ്ങൾ നമ്മൾ പറഞ്ഞുതീർക്കണം. ചിക്കാഗോയിലെ ക്നാനായക്കാർ ഒന്നിച്ച് ഒരു കുടക്കീഴിൽ നീങ്ങണം. എങ്കിൽ മാത്രമേ നമുക്ക് പുരോഗതി ഉണ്ടാവുകയുള്ളൂ. പ്രശ്നപരിഹാരത്തിന് ബുദ്ധിപൂർവ്വവും പക്വതയോടുകൂടിയുമുള്ള സമീപനം ആവശ്യമാണ്. ദൈവം നമുക്കുതന്ന സമ്പത്തും ആരോഗ്യവും വിദ്യാഭ്യാസവും സമൂഹനന്മയ്ക്കു വേണ്ടിയും ഉപയോഗിക്കുക. എങ്കിൽ മാത്രമേ അവ ഭാവിയിലേക്ക് നിലനിൽക്കുകയുള്ളൂ. നാമെല്ലാവരും ഒട്ടേറെ ആശയങ്ങൾ ഉള്ളവരാണ്. എന്നാൽ അവ പലപ്പോഴും പ്രാവർത്തികമാക്കാൻ നാം ശ്രമിക്കാറില്ല.

നമ്മുടെ സ്പിരിച്വൽ ഡയറക്ടർ പല അവസരങ്ങളിലും സൂചിപ്പിച്ചമാതിരി 2005 അനുരഞ്ജനത്തിന്റേയും പ്രത്യാശയുടേയും വർഷമായിരിക്കണം. എങ്കിൽ മാത്രമേ നാം വിജയിക്കുകയുള്ളൂ. ക്ഷമയുള്ളിടത്ത് സ്നേഹം ഉണ്ടാകും. സ്നേഹം ഉള്ളിടത്ത് ബഹുമാനവും ഉണ്ടാകും. അതുകൊണ്ട് പരസ്പരം സ്നേഹിച്ചും ക്ഷമിച്ചും ബഹുമാനിച്ചും നമുക്ക് ഒറ്റക്കെട്ടായി മുന്നോട്ടു നീങ്ങാം. നോർത്ത് അമേരിക്കയിൽ ആദ്യമായി കമ്മ്യൂണിറ്റി സെന്റർ വാങ്ങി നാം മറ്റുള്ളവർക്ക് മാതൃക കാണിച്ചു. അതുപോലെ 2005-ലെ നമ്മുടെ പ്രവർത്തനങ്ങളും നോർത്ത് അമേരിക്ക മുഴുവനും മാതൃക ആകണം. നിങ്ങളുടെ സേവകരായി കെ.സി.എസിന്റെ ഭരണഘടനയ്ക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള ബുദ്ധിയും ശക്തിയും കഴിവും തരണമേ എന്ന് സർവ്വശക്തനോട് പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

നിങ്ങളുടെ പ്രസിഡണ്ട്, മാത്യു നെടുമാക്കൽ